പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 120      11.06.2019-ൽ മറുപടിക്ക്

# നെൽവയൽ നികത്തുന്നതിനായി വ്യാജ ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, ടി. വി. ഇബ്രാഹിം<br>,, പി.ഉബൈദുള്ള<br>,, അബ്ദുൽ ഹമീദ് പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തടനിയമം പാസ്സാക്കിയതുമൂലമുണ്ടായ പ്രായോഗിക ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് വകുപ്പ് 27 (എ) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ആക്ടും ചട്ടവും നിലവിൽ വന്നതിനുശേഷം നെൽവയൽ നികത്തുന്നതിനായി വ്യാജ ഉത്തരവുകൾ വ്യാപകമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) വ്യാജ ഉത്തരവുകൾ വ്യാപകമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ്, ബ്ലോക്ക് നമ്പർ 34 റീസർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.2921 ഹെക്ടർ ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറുടേയും ഫോർട്ട് കൊച്ചി സബ് കളക്ടറുടേയും വ്യാജ ഉത്തരവ് ഹാജരാക്കി വില്ലേജ് രേഖകളിൽ മാറ്റം വരുത്താൻ ശ്രമിച്ചത് തടയുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം തുടർന്നു വരികയും ചെയ്യുന്നുണ്ട്. |
| (സി) നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ റവന്യൂ | (സി) ആഭ്യന്തരഭരണസംവിധാനത്തിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല. ലാൻഡ് റവന്യൂ കമ്മീഷ |

വകുപ്പിന്റെ ആഭ്യന്തരഭരണ സംവിധാനത്തിൽ ഉണ്ടായ വീഴ്ച പരിഹരിക്കുന്നതിന് പോലീസ് അന്വേഷണം ഏർപ്പെടുത്താൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ?

ണറുടെ ചാർജ്ജ് വഹിക്കുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ് കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ശ്രമങ്ങൾ ഉണ്ടാകുകയും ചെയ്തത് ക്രിമിനൽ കുറ്റങ്ങളായതിനാലാണ് CRPC പ്രകാരം പോലീസ് അന്വേഷണവും കേസ് രജിസ്റ്റർ ചെയ്ത കോടതി മുഖാന്തരമുള്ള തുടർനടപടികളും ഉണ്ടായത്.

സെക്ഷൻ ഓഫീസർ